പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5324 15.11.2019-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസുകൾ**

ചോദ്യം | മറുപടി

ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി യുടെ നിയന്ത്രണത്തിൽ എത്ര ഇലക്ട്രിക് ബസുകൾ സർവ്വീസ് നടത്തുന്നുവെന്നും ഏതെല്ലാം റൂട്ടിൽ എത്ര എണ്ണം വീതം സർവ്വീസ് നടത്തുന്നുവെന്നും വിശദീകരിക്കുമോ; | (എ) | വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയ 9 മീറ്റർ എ.സി ഇലക്ട്രിക് ബസ് 10 എണ്ണത്തിൽ 5 എണ്ണം വീതം എറണാകുളം, തിരുവനന്തപുരം സിറ്റി യൂണിറ്റുകൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. തിരുവനന്തപുരം-എറണാകുളം റൂട്ടിൽ 9 സർവ്വീസുകൾ നടത്തിവരുന്നു. |
| (ബി) | ഇതിന്റെ പ്രതിദിന വാടക എത്രയെന്നും ഇതിൽ നിന്നുള്ള ശരാശരി വരുമാനം എത്രയെന്നും വിശദീകരിക്കുമോ; | (ബി) | ഒരു കിലോ മീറ്റർ ഓടുന്നതിന് 400 കിലോ മീറ്റർ സ്ലാബിൽ 43.26 രൂപയാണ് വാടക നിശ്ചയിച്ചിരിക്കുന്നത്. ഒക്ടോബർ മാസത്തെ കണക്കുപ്രകാരം പ്രതിദിന ശരാശരി വരുമാനം 15,707 രൂപയാണ്. |
| (സി) | പ്രസ്തുത ബസുകൾ കെ.എസ്.ആർ.ടി.സി. ക്ക് ലഭ്യമാക്കിയിട്ടുള്ളത് ഏതെങ്കിലും സ്വകാര്യ ഏജൻസികളാണോ; എങ്കിൽ ഏജൻസിയുടെ വിവരം ലഭ്യമാക്കുമോ; | (സി) | അതെ.<br>ഇ-ടെണ്ടർ മുഖാന്തിരം മഹാ വോയേജ് എൽ.എൽ.പി എന്ന സ്വകാര്യ ഓപ്പറേറ്റിംഗ് സ്ഥാപനത്തിൽ നിന്നുമാണ് ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കിയിട്ടുള്ളത്. |
| (ഡി) | ഇലക്ട്രിക് നോൺ എ.സി. ബസുകൾ നിരത്തിലിറക്കുന്നതിന് പദ്ധതിയുണ്ടോ വിശദീകരിക്കുമോ? | (ഡി) | ഉണ്ട്. കേന്ദ്ര സർക്കാർ FAME II പദ്ധതിയിൽ അനുമതി നൽകിയ 250 എണ്ണം 12 മീറ്റർ നോൺ എ.സി. ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കുന്നതിന് ഇ-ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**